Dr. MINI NAIR'S MALAYALAM CLASSES Mob: 9447863592

## പടയണി - പടേനി

ഭഗവതിക്ഷേത്രങ്ങളിൽ അവതരിപ്പിക്കുന്ന അനുഷ്ഠാന കലയാണ് പടയണി അഥവാ പടേനി. ജനങ്ങളെ വസൂരി രോഗത്തിൽ നിന്നും രക്ഷിക്കുന്നതിനായി നടത്തിയിരുന്ന ഒരു അനുഷ്ഠാനമായിരുന്നു ഇത്. നാടകത്തിനോട് സാദൃശ്യമുള്ള ഈ കലാരൂപത്തിന് നാനാജാതി മതസ്ഥരുടെയും സഹകരണം ലഭിച്ചിരുന്നു.

ദ്രാവിഡീയമായിരുന്നു എന്ന് അനുചാരം. ദാരികനെ കൊന്ന കാളിയെ അടക്കാൻ ശിവൻ ഭൂതങ്ങളെ നിയോഗിച്ചെന്നും, ഭൂതങ്ങൾ പച്ചിലച്ചാറ്, ചെഞ്ചോറ്, മഞ്ഞൾ, കരിക്കുകൾ, ചുണ്ണാമ്പ് കരി ചാലിച്ചെടുത്ത ചായം കമുകിൻ പോളകളിൽ വരച്ച് കോലങ്ങളാക്കി സ്വശരീരത്തെ മറച്ച് കാളിയെ അടക്കി എന്നതാണ് ഐതിഹ്യം. കോലം കെട്ടിയുള്ള തുള്ളൽ നടത്തിയത് ശിവന്റെ ഭൂതഗണങ്ങളായ നന്ദികേശൻ, രുരു, കുണ്ഡോദരൻ എന്നിവരായിരുന്നുവത്രേ. ഈ കോലങ്ങളിലും തുള്ളലിലും ശ്രദ്ധകേന്ദ്രീകരിച്ച ദേവി കോപം ശമിച്ച് ശാന്തയായി തീർന്നുവത്രേ. ഈ ഓർമ്മയ്ക്കാണ് പടയണിക്കോലങ്ങൾ കെട്ടുന്നത്.

പടയണിക്ക് മുന്നോടിയായി ചില ചടങ്ങുകൾ നടക്കാറുണ്ട്.

കാച്ചികെട്ട് അഥവാ തപ്പുമേളം ആണ് ആദ്യ ചടങ്ങ്. പടയണി ഉണ്ട് എന്ന വിവരം അറിയിക്കുവാൻ നടത്തുന്ന വാദ്യമേളമാണ് കാച്ചികെട്ട്. ചൂട്ടുകറ്റയിൽ അമ്മയെ (അഗ്നിസ്വരൂപിണി) ആവാഹിച്ച് ഒരിടത്ത് സ്ഥാപിക്കുന്നു. ചടങ്ങു തീരുന്നതുവരെ ഈ തീയ് അണയാൻ അനുവദിക്കില്ല.

കാപ്പൊലി എന്നൊരു ചടങ്ങുണ്ട്. ഇലകളുള്ള ചെറിയ മരച്ചില്ലകൾ വീശിക്കൊണ്ട് ആർത്ത് വിളിക്കുന്നതാണ് ഈ ചടങ്ങ്.

താവടിതുള്ളൽ എന്ന് മറ്റൊരു ചടങ്ങും

Dr. MINI NAIR'S
Mob: 9447863592
MALAYALAM CLASSES

ഇന്ന് ഇതിനെ അടവി എന്നും അറിയപ്പെടുന്നു.

കോലം തുള്ളലാണ് പ്രധാന ചടങ്ങ്.

ഭൈരവി ~~[illegible]~~. കോലം, യക്ഷിക്കോലം, ഗണപതിക്കോലം തുടങ്ങി നിരവധി കോലങ്ങൾ പടയണിയിൽ കാണാറുണ്ട്.

കേരളത്തിന്റെ തനതു കലാപാരമ്പര്യത്തിന് മുതൽക്കൂട്ടാണ് പടയണി. നാട്ടുകൂട്ടത്തിന്റെ സജീവ പങ്കാളിത്തമാണ് പടയണിയുടെ പ്രത്യേകത. മിത്തുകളുടെ രംഗാവിഷ്കാരം എന്ന നിലയിൽ ആണിത് പ്രസിദ്ധം.

മതം, കല, ആചാരം, കായികം, ശൃംഗാരം, വിനോദം എന്നിവയുടെ ഒക്കെ സമന്വയമാണ് പടയണി. ഒരു രാത്രിയിലെ അവതരണത്തിനു വേണ്ടിയാണ് വേഷങ്ങൾ ഒരുങ്ങുന്നത്. പ്രകൃതിയിൽ നിന്ന് ശേഖരിക്കുന്ന വസ്തുക്കൾ മാത്രമാണ് വേഷം ഒരുക്കുന്നതിനായി ശേഖരിക്കുന്നത്.

തെങ്ങിൻ കുരുത്തോല, കമുകിൻ പാള, കമുകിൻ തടി, കുരുത്തോല മടൽ കൊണ്ട് (ബ്രഷ്), വാഴനാര്, കരി, ചെങ്കല്ല്, മഞ്ഞൾ (നിറത്തിന്) ഇത്രയും പ്രകൃതിവിഭവങ്ങൾ ആവശ്യമുണ്ട് പടയണിക്ക്.

പച്ചപ്പാളയിൽ വരയ്ക്കുന്ന കോലങ്ങൾക്ക് ഒരു ദിവസമേ ആയുസ്സുള്ളൂ. അടുത്ത ദിവസം അവ ഉണങ്ങിപ്പോകും.

ഡിസംബർ മുതൽ ഏപ്രിൽ വരെ ആണ് പടയണിക്കാലം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ആണ് പടയണി അവതരിപ്പിക്കുന്നത്.

ദേശാന്തരങ്ങളിലേക്ക് സഞ്ചരിക്കാൻ പടയണിക്ക് ആകാത്തതിന് കാരണം അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള അസൗകര്യം കൂടിയാണ്.

Dr. MINI NAIR'S
Mob: 9447863592
MALAYALAM CLASSES